പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *675.

03.11.2016-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിലെ ക്രൈം റെക്കാർഡ്സ് ബ്യൂറോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്:<br>ശ്രീ.റോജി.എം.ജോൺ :<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി: | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ പുതുതായി ക്രൈം റെക്കാർഡ്സ് ബ്യൂറോ ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കുന്നതിന് എക്സൈസ് വകുപ്പിൽ തിരുവനന്തപുരത്ത് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു. |
| (ബി) ക്രൈം റേക്കാർഡ്സ് ബ്യൂറോയുടെ ചുമതലകൾ എന്തെല്ലാമാണെന്നും ഇതിനായി വകുപ്പിൽ | (ബി) സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതി വിവര കണക്ക് സൂക്ഷിക്കുകയും |

എന്തെല്ലാം
സജ്ജീകരണങ്ങൾ
ഒരുക്കിയിട്ടുണ്ടെന്നും
വെളിപ്പെടുത്തുമോ;

പരിശോധിക്കുകയും ചെയ്യുക,
കുറ്റകൃത്യങ്ങളേയും
കുറ്റവാളികളേയും പറ്റിയുള്ള
വിവരങ്ങൾ സൂക്ഷിക്കുകയും
ഏകോപിപ്പിക്കുകയും
ചെയ്യുക, സംസ്ഥാന ജില്ലാ
തലങ്ങളിൽ ക്രൈം
റോക്കോർഡ്സ്
മാനോജ്മെന്റിന്റെ
മേൽനോട്ടം വഹിക്കുകയും
വിലയിരുത്തുകയും
വഴികാട്ടുകയും
നവീകരിക്കുകയും ചെയ്യുക,
എക്സൈസ് ഉദ്യോഗസ്ഥർക്ക്
സഹായകരമാകത്തക്ക
രീതിയിൽ ദേശീയ
തലത്തിലേയും സംസ്ഥാന
തലത്തിലേയും
അബ്കാരി
/നാർക്കോട്ടിക്ഡ്രഗ്സ് &
സൈക്കോ ട്രോപ്പിക്
സബ്സ്റ്റൻസ്
(എൻ.ഡി.പി.എസ്സ്)
കുറ്റകൃത്യങ്ങളുടെയും
കുറ്റവാളികളെയും പറ്റിയുള്ള
വിവരങ്ങളുടെ
സംശയനിവാരണ

കേന്ദ്രമായി പ്രവർത്തിക്കുക,
കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള
വിവരങ്ങൾ ഉൾപ്പെടെ
വകുപ്പിലെ എല്ലാത്തരം
വിവരങ്ങളും
ക്രോഡീകരിക്കുകയും മേൽ
നോട്ടം നടത്തുകയും ചെയ്യുക,
ജില്ലാതലങ്ങളിൽ കുറ്റകൃത്യ
സ്ഥിതിവിവരകണക്ക്
ശേഖരിക്കുകയും
ക്രോഡീകരിച്ച്
സൂക്ഷിക്കുകയും ചെയ്യുക,
ക്രൈം രജിസ്ട്രേഷൻ,
അന്വേഷണം, അന്തിമ
റിപ്പോർട്ട് സമർപ്പണം
തുടങ്ങിയവയുമായി
ബന്ധപ്പെട്ട സർക്കലറുകൾ
സൂക്ഷിക്കുക, വകുപ്പിലെ
കേസ്സുകളുടെ നിലവിലെ
സ്ഥിതി രേഖപ്പെടുത്തി
സൂക്ഷിക്കുക, കീഴ്
ആഫീസുകൾ സന്ദർശിച്ച്
പെന്റിംഗ് കേസുകളുടെ
അന്വേഷണ നടപടി
ക്രമങ്ങൾ, ചാർജ് ഷീറ്റിംഗ്
തുടങ്ങിയവ
പരിശോധിക്കുകയും

നിരീക്ഷിക്കുകയും ചെയ്യുക എന്നിവയാണ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ചുമതലകൾ.

എക്സൈസ് ക്രൈം റോക്കോർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിനായി ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, രണ്ട് പ്രിവന്റീവ് ആഫീസർ, മൂന്ന സിവിൽ എക്സൈസ് ആഫീസർ, ഒരു ഡ്രൈവർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ടി ആഫീസിന്റെ പ്രവർത്തനത്തിനായി കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും, ഇന്റർനെറ്റ് സൗകര്യവും, ഫർണീച്ചറും ലഭ്യമാക്കിയിട്ടുണ്ട്. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിന് നാഷണൽ ഇൻഫോർമാറ്റിക്സ്

സെന്ററിന്റെ സഹായത്തോടുകൂടി ഒരു വെബ് ബെയ്സ്ഡ് ക്രൈം മാനേജ്മെന്റ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ ആസ്ഥാനം എവിടെയാണ് എന്ന് വ്യക്തമാക്കാമോ; | (സി) തിരുവനന്തപുരത്തെ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രവർത്തിച്ചു വരുന്നു. |
| (ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റെക്കാർഡ്സ് ബ്യൂറോയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ | (ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും നേരിട്ട് പൊതുജനങ്ങൾക്ക് നൽകുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ www.keralaexcise.gov.in |

സ്വീകരിക്കുമോ?

എന്ന വെബ് സൈറ്റ് മുഖാന്തിരം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.